പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 3148 | 22. 06.2012 ൽ മറുപടിയ്ക്ക്

## വൃദ്ധജനസംരക്ഷണത്തിനായി പദ്ധതികൾ

ചോദ്യം

ശ്രീ. പി. തിലോത്തമൻ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ | വൃദ്ധജനങ്ങളെ സംരക്ഷിക്കാനും സഹായിക്കാനുമായി സാമൂഹ്യക്ഷേമ വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്നും ഇക്കാര്യത്തിൽ വകുപ്പ് എത്ര മാത്രം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | എ | വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ 15 വൃദ്ധ സദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി സർക്കാർ ഗ്രാന്റോടുകൂടി സന്നദ്ധ സംഘടനകൾ നടത്തുന്ന 154 സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. സംയോജിത വയോജന വികസന പദ്ധതി അനുസരിച്ച് വൃദ്ധ സദനങ്ങൾ , വൃദ്ധർക്ക് വേണ്ടിയുള്ള ഡേ കെയർ സെന്ററുകൾ ഉൾപ്പെടെയുള്ള മൾട്ടി സർവ്വീസ് സെന്റർ , മൊബൈൽ മെഡികെയർ യൂണിറ്റുകൾ എന്നിവ നടത്തുന്നതിന് സന്നദ്ധ സംഘടനകൾക്കും സാമൂഹ്യ ക്ഷേമ വകുപ്പു വഴി ഗ്രാന്റ് നൽകുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതി നിലവിലുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന 15 സ്ഥാപനങ്ങളിലെ അന്തേവാസികളുടെ ഭക്ഷണ ചെലവിനായി പ്രതിമാസം 750/- രൂപയും മരുന്നിന് പ്രതിമാസം 300/- രൂപയും വസ്ത്രത്തിന് പ്രതിവർഷം 1000/- രൂപയും നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്.<br>സന്നദ്ധ സംഘടനകൾ നടത്തുന്ന 154 വൃദ്ധസദനങ്ങളിലെ അന്തേവാസി കൾക്ക് പ്രതിമാസം 250/- രൂപ നിരക്കിൽ സംസ്ഥാന സർക്കാർ ഗ്രാന്റ് നൽകി വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | സംസ്ഥാനത്ത് വൃദ്ധജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന വയോജന നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് 2007, റൂൾ 2009 എന്നിവ നിലവിൽ വന്നിട്ടുണ്ട്. ഓരോ സബ്ഡിവിഷനിലും മെയിന്റനൻസ് ട്രൈബ്യൂണൽ രൂപീകരിക്കുകയും റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ഓരോ ട്രൈബ്യൂണലിന്റെയും പ്രിസൈഡിംഗ് ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർമാരെ അപ്പലേറ്റ് ട്രൈബ്യൂണലുകളായും നിയമിച്ചിട്ടുണ്ട്.<br><br>മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം സംസ്ഥാനകൗൺസിലും ജില്ലാ കമ്മറ്റിയും രൂപീകരിച്ചിട്ടുണ്ട്.<br><br>65 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനും ദൈനംദിന ജീവിതം സുഗമമാക്കുന്നതിനും വേണ്ടി സാമൂഹ്യക്ഷേമ വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന വയോമിത്രം എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലെ കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിൽ ഈ പദ്ധതി നടത്തിവരുകയാണ്. ടി പദ്ധതി പ്രകാരം 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്ക് സംവിധാനം പ്രവർത്തിക്കുന്നു. ടോൾ ഫ്രീ ടെലിഫോൺ സൗകര്യവും ലഭ്യമാണ്. വകുപ്പുകളിലെ സേവനം എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് ഹെൽപ് ഡെസ്ക് സഹായിക്കുന്നു. |

| | | | |
|---|---|---|---|
| ബി | വയോജനങ്ങളെ പുനരധിവ സിപ്പിക്കാൻ ഈ സർക്കാർ പുതിയ വൃദ്ധസദനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | ബി | വയോജനങ്ങളെ പുനരധിവസിപ്പി ക്കുന്നതിനായി സംസ്ഥാനത്ത് ആലപ്പുഴയിൽ ചേർത്തല താലൂക്കിൽ ആറാട്ടുപുഴയിൽ പണി തീർന്നിട്ടുള്ള പുതിയ വൃദ്ധമന്ദിരം ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| സി | ചേർത്തല അർത്തുങ്കൽ തീര ദേശ വനിതാ സമാജം, സർക്കാർ നിബന്ധനകൾക്ക് വിധേയമായി വൃദ്ധസദനം ആരംഭിക്കുന്നതിന് അപേക്ഷ നൽകിയിരുന്നത് ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംരംഭത്തിന് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ? | സി | ചേർത്തല അർത്തുങ്കൽ തീരദേശ വനിതാ സമാജം വൃദ്ധമന്ദിരം ആരംഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. വൃദ്ധസദനം കെട്ടിട നിർമ്മാണത്തിന് ഗ്രാന്റ് ലഭ്യമാക്കണമെന്ന പ്രസ്തുത അപേക്ഷയിൻമേൽ നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര സർക്കാർ ഗ്രാന്റ് ലഭ്യമാക്കുന്നതിനായി നിശ്ചിത അപേക്ഷയുടെയും മറ്റ് അവശ്യ രേഖകളുടെയും 4 പകർപ്പുകൾ ആലപ്പുഴ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്ക് നൽകുവാനായി തീരദേശ വനിതാസമാജം സെക്രട്ടറി യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ